# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **2340** — 05-12-2018 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ പുരോഗതി

**ചോദ്യം**

ശ്രീ. വി.അബ്ദുറഹിമാൻ :

**മറുപടി**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തിന്റെ വികസനത്തിൽ പുത്തൻ പ്രതീക്ഷയായി വിലയിരുത്തപ്പെട്ട വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കാമോ ;

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഒന്നാം ഘട്ടത്തിലെ വിവിധ ഘടകങ്ങളുടെ നിലവിലെ പുരോഗതി താഴെ കൊടുക്കുന്നു:

| | |
|---|---|
| പുലിമുട്ട് നിർമ്മാണം | 3100 മീറ്ററിൽ 565 മീറ്റർ നിർമ്മാണം പൂർത്തീകരിച്ചു. പുലിമുട്ടിൽ ഉപയോഗിക്കുന്നതിന് 8500 അക്രോപോഡുകളുടെ നിർമ്മാണവും പൂർത്തിയാക്കി. |
| ഡ്രെഡ്ജിങ് & റിക്ലമേഷൻ | ഏകദേശം 7 ദശലക്ഷം മണ്ണ് ഡ്രെഡ്ജ് ചെയ്ത് 53 ഹെക്ടർ കടൽ നികത്തേണ്ടതിൽ 40% പൂർത്തീകരിച്ചു. |
| ബെർത്ത് നിർമ്മാണം | 800 മീറ്റർ നീളത്തിലുള്ള ബെർത്ത് നിർമ്മിക്കുന്നതിനുള്ള 615 പൈലുകളിൽ 465 പൈലുകൾ സ്ഥാപിച്ചു കഴിഞ്ഞു. |
| യാർഡ് നിർമ്മാണം | റിക്ലമേഷൻ ജോലികൾ പൂർത്തിയാകുന്ന മുറയ്ക്ക് കണ്ടെയ്നർ യാർഡും അനുബന്ധ സൗകര്യങ്ങളും വികസിപ്പിക്കുന്നതാണ്. |
| തുറമുഖത്തിനാവശ്യമായ യന്ത്രോപകരണങ്ങളുടെ നിർമ്മാണവും സ്ഥാപിക്കലും | അദാനി കമ്പനി നൽകിയ കരാറുകളുടെ അടിസ്ഥാനത്തിൽ 4 ടഗ് ബോട്ടുകൾ, 8 ക്രെയിനുകൾ, 24 യാർഡ് ക്രെയിനുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |

| | |
|---|---|
| സൗകര്യങ്ങൾ, സ്റ്റോറേജ് , കെട്ടിടങ്ങൾ, നാവിഗേഷൻ ഉപകരണങ്ങൾ | പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| പുതിയ മത്സ്യബന്ധന തുറമുഖം | Detailed Project Report ലഭിച്ചിട്ടുണ്ട്. നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

(ബി) നിലവിൽ വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിൽ എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നുണ്ടോ ;

(ബി) തുറമുഖ പദ്ധതിയുടെ നിർണ്ണായക ഘടകമായ പുലിമുട്ട് നിർമ്മാണത്തിന് ആവശ്യമായ പാറ യഥാസമയം ലഭിക്കാത്ത സാഹചര്യം നിലവിലുണ്ട്.

(സി) വിഴിഞ്ഞം തുറമുഖ നിർമ്മാണം എപ്പോഴേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ ?

(സി) തുറമുഖനിർമ്മാണത്തിന്റെ ഒന്നാം ഘട്ടം 2019 ഡിസംബർ 3 ന് പൂർത്തിയാക്കുന്നതിനാണ് കൺസഷൻ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഓഖി ചുഴലിക്കാറ്റ് മൂലം പൈലിംഗ് വർക്കുകൾ തടസ്സപ്പെട്ടതായും, പ്രവർത്തനത്തിലിരുന്ന ഒരു ഡ്രഡ്ജറിനും വിഴിഞ്ഞം മത്സ്യബന്ധന ഹാർബറിൽ നങ്കൂരമിട്ടിരുന്ന മറ്റൊരു ഡ്രെഡ്ജറിനും കേട്ട പറ്റിയത് നിർമ്മാണ പുരോഗതിയെ ബാധിച്ചുവെന്നും ചുഴലിക്കാറ്റിൽ നിർമ്മിതികൾക്ക് നാശനഷ്ടങ്ങൾ സംഭവിച്ചുവെന്നും അദാനി തുറമുഖ കമ്പനി അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർണ്ണായക ഘടകമായ പുലിമുട്ട് നിർമ്മാണത്തിന് ആവശ്യമായ പാറ യഥാസമയം ലഭിക്കാത്ത സാഹചര്യവും നിലവിലുണ്ട്. ഈ പ്രശ്നങ്ങൾ പരിഹരിച്ച് യഥാസമയം പദ്ധതി കമ്മീഷൻ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ